ശ്രീ. പി. നാണു: എന്താണ് നിർദ്ദേശം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു നോട്ടീസുകൂടാതെ പറയാൻ സാധ്യമല്ല.

ശ്രീ. പി. നാണു: ഇന്നവിലവച്ച് വില്ക്കണമെന്നു് ഗവൺമെൻറിൽനിന്നും പരസ്യപ്പെടുത്തുകയോ ലേബൽ കെട്ടിക്കുന്നതിനു് ഏർപ്പാടുചെയ്യുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേതു വിധത്തിലാണ് ചെയ്യാൻ നിർദ്ദേശം നല്കിയിരിക്കുന്നതെന്നു് പറയണമെങ്കിൽ നോട്ടീസ് വേണം. ഏതെങ്കിലും ക്രമക്കേടുകൾ ഉണ്ടെങ്കിൽ അറിയിച്ചാൽ പരിഹരിക്കാൻ നിർദ്ദേശംകൊടുക്കാം.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: ഈ മില്ലിൻെറ ഉടമസ്ഥൻ ആരാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കറിവില്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: നൂൽവിതരണം ഈ മില്ലുകാരെത്തന്നെ ഏല്പിക്കുന്നതിനു് പ്രത്യേകകാരണം വല്ലതുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്. നമ്മുടെനാട്ടിലെ കൈത്തറിനെയ്ത്തുകാക്കു് 40-ാംനമ്പർ നൂലാണു് അധികമായി ആവശ്യമുള്ളതു്. എന്നാൽ അടുത്തകാലത്തു പരുത്തിക്കു നിശ്ചയിച്ചിട്ടുള്ള വിലക്കുറവുകൊണ്ടു് 40-ാം നമ്പർ നൂലുണ്ടാക്കുന്നതു ലാഭകരമല്ലാതായിട്ടുണ്ടു്. അതിനാൽ പല മില്ലുകാരും 40-ാംനമ്പർ നൂലുണ്ടാക്കാതെ കൂടുതൽ നേർമ്മയുള്ള മറ്റുതരം നൂലുകളുണ്ടാക്കുകയാണു് ചെയ്യുന്നതു്. തന്നിമിത്തം ഈനാട്ടിലെ നെയ്ത്തുകാക്കു് ആവശ്യമുള്ള 40-ാംനമ്പർ നൂലുണ്ടാക്കുവാൻ ഗവൺമെൻറു് ഈ മില്ലിനെ നിർബന്ധിക്കുകയാണു്. അങ്ങിനെ നൂലുണ്ടാക്കുമ്പോൾ അവരുടെ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി ഉപഭോക്താക്കൾക്കു് നഷ്ടംവരാതെ ആ നൂലു വില്ക്കുന്നതിനുള്ള അവകാശം അവർക്കു കൊടുത്തിരിക്കയാണു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: തറികൾ പരിശോധിക്കുന്നതിനുള്ള അധികാരം മില്ലുകാർക്കു കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല. എന്നാൽ തറികളുടെ എണ്ണം നോക്കി നൂലുവിതരണംചെയ്യാൻ അവരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

അരിവിലയും നഷ്ടവും

*൩൩൫. (൫) ശ്രീ. മങ്കഴി എം. മാധവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) യു. പി. യിൽ നിന്നും നമ്മുടെ സംസ്ഥാനത്തിലേക്കു് അരി വാങ്ങിച്ചിട്ടുണ്ടോ;

(ബി) ഇതു് എന്നുവിലയ്ക്കാണു് വാങ്ങിയതു്;

(സി) ഇവിടെ എന്നുവിലക്കു വിറ്റു;

(ഡി) ഇതുമൂലം ഗവൺമെൻറിലേക്കു് എത്ര തുക നഷ്ടം വന്നിട്ടുണ്ടു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) യു. പി. യിൽനിന്നും നമ്മുടെ സംസ്ഥാനത്തിലേക്കു് അരി വാങ്ങിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അരി നമ്മുടെ സംസ്ഥാനത്തു വന്നുചേരുമ്പോൾ ചെലവുംപ്പെടെ ഒരുമന്നിന ൨ ൫ രൂപാ ൧൫ അണ വില ഒരുകുന്നുണ്ട്.

(സി) ഇവിടെ മന്നിന് ൧ ൭ രൂപയ്ക്കാണ് ആ അരി വിറ്റിട്ടുള്ളതു്.

(ഡി) ഇതുമൂലം ഏകദേശം ൭ ൫ ലക്ഷം രൂപാ ഗവൺമെൻറിനു് നഷ്ടം വന്നിട്ടുണ്ടു്.

ശ്രീ. മംകഴി എം. മാധവൻ: ഇവിടെ വാങ്ങുന്ന അരിക്കു് എന്തു വിലയാകുന്നുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു പറ നെല്ലിനു് ഒരു രൂപാ പതിമൂന്നണ ആറണയ്ക്കു കൊടുക്കുന്നുണ്ടു്.

ശ്രീ. മംകഴി എം. മാധവൻ: ഇവിടെയുള്ള കർഷകക്കു് ഒരു മന്നിന എത്ര വില കിട്ടുന്നുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ൨ ൦ രൂപയിൽ താഴെവരും.

ശ്രീ. ഈപ്പൻ അറയ്ക്കൽ: യു. പി. യിൽനിന്നും ൨ ൫ രൂപയ്ക്കാണോ മുൻപു അരി വാങ്ങിക്കൊണ്ടിരുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുൻപു് അവിടെനിന്നും അരി വാങ്ങിയിരുന്നില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: കഴിഞ്ഞ തവണ അസംബ്ലിയിൽവച്ചു് യു. പി. യിൽനിന്നുമാത്രമെ നമുക്കു അരി കിട്ടാൻ ഒക്കുകയുള്ളുവെന്നും അതുകൊണ്ടു യു. പി. യിലെ അരിയുടെ വില കുറച്ചുതരണമെന്നും ഇൻഡ്യാ ഗവൺമെൻറിൻറെ അടുക്കൽ നിവേദനം കൊടുത്തതായി പറയുകയുണ്ടായല്ലൊ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉവ്വു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അതിനുശേഷം ഇവിടെ വാങ്ങുന്ന യു. പി. അരിക്കു് വില കുറച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനുശേഷം വില കുറെ കുറച്ചിട്ടുണ്ടു്. കുറയ്ക്കാൻ നടപടി നടത്തിയിട്ടുമുണ്ടു്. എത്ര കുറച്ചിട്ടുണ്ടെന്നുനിശ്ചയമില്ല. എന്തെന്നാൽ ഇപ്പോൾ അലോട്ടുമെൻറില്ല.

ശ്രീ. എം. ഐ. പോൾ: യു. പി. യിൽനിന്നും അലോട്ടുചെയ്തിരുന്ന അരി മാറി മറുരാജ്യങ്ങളിലേക്കു കൊണ്ടുപോകാൻ ഇടയായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. മംകഴി എം. മാധവൻ: ഇവിടെ അരി വിൽക്കുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടപരിഹാരംതരുവാൻ ഇൻഡ്യാഗവൺമെൻറിൻറെ അടുക്കൽ നിവേദയം നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡ്യാഗവൺമെൻറിലേക്കു് അതിനെപ്പറ്റി നിവേദനംചെയ്തിട്ടുണ്ടു്. എന്നാൽ ഇൻഡ്യയ്ക്കു് അകത്തുനിന്നുംവാങ്ങുന്ന അരിയുടെ വിൽപനയിൽവച്ചുണ്ടാകുന്ന നഷ്ടത്തിനു പരിഹാരം തരുന്നതല്ലെന്നു ഇൻഡ്യാഗവൺമെൻറു പറഞ്ഞിട്ടുണ്ടു്. എന്നിരുന്നാലും ഈ കച്ചവടത്തിൽ നമുക്കു സാരമായ നഷ്ടം നേരിട്ടാൽ അതിലേക്കു സബ്സിഡിയായി എന്തെങ്കിലും ഒരു ഗ്രാൻറു തരാമെന്നും ഇൻഡ്യാഗവൺമെൻറു പറഞ്ഞിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: ഇതുവരെ എത്ര അരി യു. പി. യിൽനിന്നും വാങ്ങിച്ചിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മൂപ്പതിനായിരം ടൺ അരി ആണെന്നാണു് എൻറെ ഓർമ്മ.

LIBRARY ARCHIVES Kerala Legislative Assembly

Sri. P. Balakrishnan Tampi: Have this Government communicated to the Nationalist Prime Minister's Government, namely Sri. Pant's Government, our reactions in the matter of selling rice to us?

Chief Minister **(Sri. T. K. Narayana Pillai):** We have communicated our reaction to the Government of India.

തറികളുടെ കണക്ക്

*൩൩൯. (൯) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട ക്ഷേമ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) നിലവിൽ ഇപ്പോൾ കൺട്രോൾ ഏർപ്പെടുത്തിയശേഷം തറികളുടെ കണക്ക് എടുത്തിട്ടുണ്ടോ;

(ബി) എടുത്തിട്ടില്ലെങ്കിൽ കാരണം എന്താണ്;

(സി) ഇപ്പോൾ തറി ഉടമസ്ഥന്മാർക്ക് നൂൽ വിതരണം ചെയ്യുന്നതു് ഏതു അടിസ്ഥാനത്തിന്മേലാണ്;

(ഡി) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു നൂൽ വിതരണം ചെയ്യുന്നതു് ഏതെങ്കിലും പൊതു അടിസ്ഥാനത്തിലാണോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇപ്പോൾ തറികളുടെ കണക്ക് എടുത്തിട്ടില്ല. ഡിസംബർമാസത്തിൽ എടുക്കണമെന്നുദ്ദേശിക്കുന്നുണ്ട്.

(ബി) പ്രത്യേക കാരണങ്ങളൊന്നും ഇല്ല.

(സി) റിട്ടെയിൽ ലൈസൻസികളുടെ അടുക്കൽ പേരുകളും രജിസ്റ്റർ ചെയ്തിട്ടുള്ള എണ്ണത്തെ അടിസ്ഥാനപ്പെടുത്തി അപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തറികൾക്കാണ് നൂൽ കൊടുത്തു വരുന്നതു്.

(ഡി) അതു സി. യിൽ പറഞ്ഞിരിക്കുന്ന പ്രകാരമാണ്.

ശ്രീ. പി. നാണു: തറികളുടെ കണക്കെടുക്കാതെ എങ്ങനെയാണ് നൂൽ വിതരണം നടത്തുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫർമ്മിൽ തറികളുടെ മതിയ കണക്കെടുത്തിട്ടുണ്ട്. ആ കണക്കുവച്ചുകൊണ്ടാണ് ഇപ്പോൾ നൂൽ വിതരണം ചെയ്യുന്നതു്.

ശ്രീ. എ. താണുപിള്ള: ഇപ്പോൾ എത്ര നൂൽ വരുന്നുണ്ടെന്നും തറികൾക്കു പരാതിക്കിടയാതെ കൊടുക്കാൻ എത്ര നൂൽ ആവശ്യമുണ്ടെന്നും പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ ൧,൦൦൦ ബെയിൽ നൂൽമാത്രമെ വരുന്നുള്ളൂ. പരാതി കൂടാതെ കൊടുക്കണമെങ്കിൽ ഏകദേശം ൫,൦൦൦ ബെയിൽ നൂൽവേണം.

നൂൽകച്ചവട ലൈസൻസികൾ

*൩൭൦. (൧൦) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട ക്ഷേമ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു നൂൽകച്ചവടത്തിനു ലൈസൻസികൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ നൂൽവിതരണം മുഴുവനും ആ ലൈസൻസികൾ മുഖേനയാണോ നടത്തുന്നതു്;

LIBRARY ARCHIVES Kerala Legislative Assembly